# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3711 21-06-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
,, വി.ഡി. സതീശൻ
,, വി.എസ്. ശിവകുമാർ
,, അന്വർ ജേക്കബ്

**മറുപടി**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**നികുതി ഭരണത്തിലെ അനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാണോ; അല്ലെങ്കിൽ സാമ്പത്തിക സ്ഥിതിയിൽ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഇനി എത്ര കാലം കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; | കഴിഞ്ഞ കുറച്ച് വർഷങ്ങളായി പദ്ധതി, പദ്ധതി ഇതര ചെലവുകളുടെയും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിക്കുന്നുവെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആശങ്കയുളവാക്കുന്നു. ടി അനഭിലഷണീയ പ്രവണതയ്ക്ക് വിരാമമിടുവാൻ വികസന ക്ഷേമപ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ധനവിനിയോഗത്തിൽ മിതത്വവും കർശന അച്ചടക്കവും പാലിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചരക്ക് സേവനനികുതിയുടെ നികുതി ഭരണം സുഗമമാകുകയും ഒപ്പം സർക്കാർ കൈക്കൊണ്ടുവരുന്ന ക്രിയാത്മകമായ വിഭവ സമാഹരണ നടപടികളുടെ ഫലങ്ങൾ പ്രകടമാകുകയും ചെയ്യുന്നതോടുകൂടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമായ അവസ്ഥയിലേക്ക് തിരികെ വരും. |
| (ബി) | പ്രതിവർഷം 18 ശതമാനം വരെ വളർച്ച കാണിച്ച നികുതി വരുമാനം കഴിഞ്ഞ രണ്ട് വർഷമായി 10 ശതമാനത്തിലേക്ക് താഴ്ന്നത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കാമോ; | 2006-2011 കാലയളവിൽ ശരാശരി 17.20% വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേക്കും ശരാശരി വളർച്ച 12.40% ലേക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യ നികുതി പിരിവിന്റെ വളർച്ചാനിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനേക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്നു വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേക്ക പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011 ൽ 66.8% ആയിരുന്ന റവന്യൂ വരുമാനത്തിലെ സംസ്ഥാനത്തിന്റെ തനത് നികുതി |

| | | |
|---|---|---|
| | | വരുമാന വിഹിതമെന്നത് 2011-16 ൽ 64% ആയി ഇടിഞ്ഞു. അഴിമതിയുടെയും നികുതി ഭരണത്തിലെ കെട്ടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽ നിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. കൂടാതെ വികലമായ മദ്യ നയം എക്സൈസ് നികുതിയിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കഴിച്ച്) നിർദ്ദിഷ്ട സി. ആന്റ്. എ.ജി റിപ്പോർട്ട് പ്രകാരം 2013-14 ൽ 37% വും 2014-15 ൽ 81% വും 2015-16 ൽ 19% വും വർദ്ധിച്ചപ്പോൾ 2016-17 ൽ 5% ന്റെ കുറവ് വന്നു. ഇതും റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതു വായിട്ടുണ്ട്.<br>2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂ വിഭവ ശേഷിയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ കൈക്കൊണ്ടുവന്ന പുനരുജ്ജീവനപ്രക്രിയയുടെ ഫലം അതുകൊണ്ട് തന്നെ അപ്രസക്തമാക്കപ്പെട്ടു. |
| (സി) | നികുതി ഭരണത്തിലെ അനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലമുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; | നികുതി ഭരണത്തിലെ അനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതു മൂലമുണ്ടായ മാറ്റങ്ങൾ ദൃശ്യമായി വരുന്നതേയുള്ളൂ. |
| (ഡി) | നിലവിലെ റവന്യൂ കമ്മി എത്രയാണ്; 2015-16 ൽ 1.4 ശതമാനം ആയിരുന്ന റവന്യൂ കമ്മി കത്തനെ ഉയർന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ? | കംപ് ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31.03.2017 സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള റിപ്പോർട്ട് പ്രകാരം റവന്യൂ കമ്മി/ജി.എസ്.ഡി.പി. അനുപാതം 2015-16 ൽ 1.6% വും 2016-17 ൽ 2.4% വും ആണ്. മുൻ സർക്കാർ വിവിധ ഇനങ്ങളിൽ കുടിശ്ശിക വരുത്തിയ 11295.67 കോടിയുടെ ബാദ്ധ്യതകളും സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ-ശമ്പള പരിഷ്കരണ കുടിശ്ശികയും നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയിൽ ഏൽപ്പിച്ച ആഘാതവും റവന്യൂ കമ്മിയിലെ ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ